Page 1 of 1

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച മാപ്പത്തോൺ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ നീർച്ചാലുകളും ജലസ്രോതസ്സുകളും മറ്റുപൊതുആസ്തികളും ഡിജിറ്റൽ മാപ്പിലേയ്ക്ക് അടയാളപ്പെടുത്തുന്ന പ്രവർത്തനവും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ നീർച്ചാലുകളിൽ നടക്കുന്ന പ്രവർത്തനങ്ങളും ഈ മാപ്പുകളിൽ രേഖപ്പെടുത്താൻ കഴിയും. ജിയോ റഫറൻസിംഗ് ചെയ്ത് രേഖപ്പെടുത്തുന്ന ഈ വിവരങ്ങൾ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്നതാണ്.

ഏറനാട് മണ്ഡലത്തിലെ മൈനോറിറ്റി കുടിവെള്ള പദ്ധതി

216(2252) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനോറിറ്റി കുടിവെള്ള പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ആയത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ?

മൈനോരിറ്റി കുടിവെള്ള പദ്ധതി എന്നൊരു പദ്ധതി വാട്ടർ അതോറിറ്റിക്കില്ല. മൈനോരിറ്റി വെൽഫയർ ഡിപ്പാർട്ടുമെന്റ് മുഖേന ഭരണാനുമതി നൽകിയ തുക ഉപയോഗിച്ച് ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി* ചേർക്കുന്നു.

(ബി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് കൃത്യമായ മോണിറ്ററിംഗ് നടത്താത്തതാണ് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാത്തതിന് കാരണമെന്ന കാര്യം ഗൗരവമായി കണ്ട് ഈ പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ കുടിവെള്ള പദ്ധതികളും കൃത്യമായ മോണിറ്ററിംഗ് നടത്താനായി PASK എന്ന സോഫ്റ്റ്വെയർ നടപ്പിലാക്കിയിട്ടുണ്ട്. കാലതാമസം നേരിട്ട പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly